## 980

*രീതി: മലർതോറും മന്ദഹാസം*

വരുമേശു വാനിലന്നാൾ അവനോടു ചേർന്നിടും നാം
പിരിയാതെയെന്നും വാഴും അതിമോദമോടെ നമ്മൾ

1 നാമിന്നു അന്യരായി പാർക്കുന്നു പാരിലെന്നാൽ
നമുക്കായൊരുക്കീടുന്നു അതിരമ്യമായ ഗേഹം
അതിലേശുവോടുകൂടെ അനവദ്യധന്യരായി
പിരിയാതെയെന്നും വാഴും അതിമോദമോടെ നമ്മൾ

2 കർത്താവിലിന്നു നമ്മൾ ചെയ്യുന്ന വേലകൾക്കായ്
നൽകും പ്രതിഫലങ്ങൾ ദൂതഗണസദസ്സിൽ
തീരാവിനകൾ തീർന്നു ഉല്ലാസരായി വിണ്ണിൽ
പിരിയാതെയെന്നും വാഴും അതിമോദമോടെ നമ്മൾ-

3 അഴിയുമീമർത്യദേഹം ആ ദിവ്യകാന്തിയാലെ
അഴകുള്ളതായി മാറും അവനോടു തുല്യമായി
തേജസ്സാലന്നു നിത്യ അവകാശ ഭാഗ്യനാട്ടിൽ
പിരിയാതെയെന്നും വാഴും അതിമോദത്തോടെ നമ്മൾ-
G.P.